(ബി) എങ്കിൽ ഇതിനുള്ള സംവിധാനം എന്തായിരിക്കുമെന്ന് വെളിപ്പെടുത്തുമോ;

(സി) തുല്യതാ പരീക്ഷ പാസ്സാക്കുന്നവർക്ക് തുടർപഠനത്തിന് അവസരം നൽകുമോ?

ഉത്തരം

(എ) ഉണ്ട്. പരീക്ഷ നടത്തുന്നതിനുള്ള ക്രമീകരണങ്ങൾ പൂർത്തിയായി വരുന്നു. 'ഒ' ലെവൽ തുല്യതാപരീക്ഷയുടെ സിലിബസും പാഠപുസ്തകവും തയ്യാറായിട്ടുണ്ട്.

(ബി) പത്താം ക്ലാസ് തുല്യതാപരീക്ഷയ്ക്കായുള്ള രജിസ്ട്രേഷൻ 2004 ആഗസ്റ്റ് മാസത്തിൽ ആരംഭിക്കുന്നതാണ്. എല്ലാ ജില്ലാ സാക്ഷരതാമിഷൻ ഓഫീസുകളിലും, ഓരോ ബ്ളോക്കിലെ തെരഞ്ഞെടുക്കപ്പെട്ട തുടർവിദ്യാകേന്ദ്രങ്ങളിലും, ഇന്റർനെറ്റിലും രജിസ്ട്രേഷനുള്ള സൗകര്യങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

(സി) തുല്യതാ പരീക്ഷ രണ്ടു തട്ടുകളിലായാണ് നടത്തുന്നത്. പതിനെട്ട് വയസ് പൂർത്തിയായ നവസാക്ഷരർ, തുല്യതാപരീക്ഷ ജയിച്ചവർ, സ്കൂളിൽനിന്നും കൊഴിഞ്ഞുപോയവർ തുടങ്ങിയവർക്ക് നിലവിലുള്ള പത്താം ക്ളാസ് പരീക്ഷയുടെ 50 ശതമാനം തുല്യതയുള്ളതും 5 മാസം ദൈർഘ്യമുള്ളതുമായി 'ഒ' ലെവൽ പരീക്ഷ എഴുതാൻ അർഹതയുണ്ടായിരിക്കും. 'ഒ' ലെവൽ സർട്ടിഫിക്കറ്റുകൾ വിദേശരാജ്യങ്ങളിൽ തൊഴിൽ സംബന്ധമായ കാര്യങ്ങൾക്ക് മാത്രമേ അംഗീകരിക്കുകയുള്ളൂ. ഏഴ്മാസം ദൈർഘ്യമുള്ള 'എ' ലെവൽ പരീക്ഷ എഴുതുവാൻ 'ഒ' ലെവൽ തുല്യതാ പരീക്ഷ വിജയിച്ചിരിക്കണം. നിലവിലുള്ള പത്താം ക്ളാസ് പരീക്ഷയുടെ 70-80 ശതമാനം തുല്യതയാണ് 'എ' ലെവൽ പരീക്ഷയ്ക്കുള്ളത്. 'എ' ലെവൽ തുല്യതാപരീക്ഷ വിജയിക്കുന്ന ഒരു പഠിതാവിന് ഔപചാരിക വിദ്യാഭ്യാസത്തിലൂടെ പത്താംക്ളാസ് വിജയിച്ച് വിദ്യാർത്ഥിയെപ്പോലെ ഉപരിപഠനത്തിനും ജോലി നേടുന്നതിനും അർഹത ഉണ്ടായിരിക്കും.

കാസർഗോഡ് ജില്ലയിൽ നിന്ന് ഡ്യൂപ്ലിക്കേറ്റ് എസ്. എസ്. എൽ. സി. ബുക്കിനുവേണ്ടിയുള്ള അപേക്ഷകൾ

108 [3286] ശ്രീ. സി. ടി. അഹമ്മദ് അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡ്യൂപ്ലിക്കേറ്റ് എസ്. എസ്. എൽ. സി. ബുക്ക് ലഭിക്കുന്നതിന് കാസർഗോഡ് ജില്ലയിൽനിന്നും എത്ര അപേക്ഷകൾ പരീക്ഷാ ഭവനിൽ തീർപ്പാക്കാതെ കിടക്കുന്നുണ്ട്. എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത അപേക്ഷകളിൽ 3 വർഷം, 2 വർഷം, ഒരു വർഷം, ഒരു വർഷത്തിൽ താഴെയുള്ളത് എത്ര വീതമാണെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(സി) കഴിഞ്ഞ ഒരു വർഷക്കാലത്ത് ജില്ലയിലെ ഇത്തരം കേസുകളിൽ എത്ര എണ്ണം തീർപ്പാക്കി എന്ന് വ്യക്തമാക്കാമോ;

(ഡി) വിദേശത്തെ തൊഴിലവസരങ്ങൾ നഷ്ടമാകാതിരിക്കാൻ ഡ്യൂപ്ലിക്കേറ്റ് എസ്. എസ്. എൽ. സി. ബുക്ക് വിതരണം സമയബന്ധിതമായി പൂർത്തിയാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 322 അപേക്ഷകൾ.

(ബി) 3 വർഷം 13 — 2 വർഷം 12 — 1 വർഷം 88

ഒരു വർഷത്തിൽ താഴെ 209

(സി) 236 എണ്ണം.

(ഡി) ഡ്യൂപ്ലിക്കേറ്റ് ബുക്ക് ലഭിക്കുന്നതിനുവേണ്ടിയുള്ള അപേക്ഷകളിൽ, സൂക്ഷ്മപരിശോധന, ബയോഡാറ്റ രേഖപ്പെടുത്താനായി ബ്ളാങ്ക് ബുക്ക് സ്കൂളിലേക്ക് അയച്ചുകൊടുക്കൽ, ഗസറ്റ് വിജ്ഞാപനം തുടങ്ങിയ വിവിധ നടപടി ക്രമങ്ങൾ പൂർത്തിയാക്കേണ്ടതുണ്ട്. നിശ്ചിത സമയപരിധിക്കുള്ളിൽ സർട്ടിഫിക്കറ്റ് ആവശ്യമായി വരുന്ന സാഹചര്യങ്ങളിലാണ് പലരും അപേക്ഷ സമർപ്പിക്കാറുള്ളത്. മേൽപ്പറഞ്ഞ നടപടിക്രമങ്ങൾ പൂർത്തിയാക്കേണ്ടതുള്ളതിനാൽ വിദേശത്ത് ജോലി സാദ്ധ്യതയുള്ള അപേക്ഷകന്റെ അപേക്ഷകൾക്ക് പ്രത്യേക പരിഗണന നൽകാൻ കഴിയാറില്ല.

സംസ്ഥാനത്തെ കുട്ടികൾ തമിഴ്നാട് എസ്. എസ്. എൽ. സി.-ക്ക് കൂടുതലായി ചേരാനുള്ള കാരണം

109 [3287] ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ രണ്ടു വർഷങ്ങളായി തമിഴ്നാട്ടിലെ സ്കൂളുകളിൽ എസ്. എസ്. എൽ. സി.-ക്ക് ചേരുന്ന കേരളത്തിൽ നിന്നുള്ള വിദ്യാർത്ഥികളുടെ എണ്ണം ഗണ്യമായി വർദ്ധിക്കാനുണ്ടായ കാരണം അന്വേഷിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) എങ്കിൽ ഓവർ ഏജ്ഡ് വിദ്യാർത്ഥികൾക്ക് സംസ്ഥാനത്തെ എസ്. എസ്. എൽ. സി. പരീക്ഷയെഴുതുവാനുള്ള നിബന്ധനകൾ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly